# കേരള കാർഷിക സർവ്വകലാശാല

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

## കാർഷിക നിർദ്ദേശക ബുള്ളറ്റിൻ

(ടെലിഫോൺ:04872371931)

## പാലക്കാട്

E mail: kauagmet@yahoo.co.in, cohagmet@kau.in

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എഎസ് 36/17, ചൊവ്വാഴ്ച** **തീയ്യതി 05.09.2017**

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 06.09.2017 | 07.09.2017 | 08.09.2017 | 09.09.2017 | 10.09.2017 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 9 | 6 | 7 | 11 | 17 |
| ഉയർന്ന താപനില (°C ) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C ) | 24 | 24 | 24 | 24 | 24 |
| മേഘവ്യാപ്തി (ഒക്ട) | 6 | 6 | 6 | 7 | 7 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 12 | 12 | 12 | 12 | 12 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 250 | 250 | 250 | 250 | 250 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം /രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (ജ്യോതി, കാഞ്ചന) | പാലുറയ്ക്കുന്ന പരുവം/ചാഴി | വേപ്പെണ്ണ അടങ്ങിയ കീടനാശിനികൾ 3 മി.ല്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഉപയോഗിക്കുക. (ചാഴിക്കെതിരെ കീടനാശിനികൾ പ്രയോഗിക്കുന്നത് രാവിലെ 8 മണിക്ക് മുമ്പോ, വൈകീട്ട് 3 മണിക്കു ശേഷമോ ആയിരിക്കണം അല്ലെങ്കിൽ മരുന്നുതളി പരാഗണത്തെ പ്രതികൂലമായി ബാധിക്കും.) |
| വാഴ | എർവിനിയ റോട്ട് | നീർവാർച്ച സൗകര്യം മെച്ചപ്പെടുത്തുക. വാഴത്തടത്തിൽ കുമ്മായം ഇടുന്നതും, നീർച്ചാലുകളിൽ ബ്ലീച്ചിങ്ങ് പൗഡർ ഇടുന്നതും നല്ലതാണ്. 20 ഗ്രാം സ്യൂഡോമോണാസ് ഫ്ളൂറസൻസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ ലായനി മണ്ണ് കുതിരത്തക്ക വണ്ണം, വാഴയ്ക്ക് ചുറ്റും ഒഴിക്കുന്നത് രോഗപ്രതിരോധശേഷി വർധിപ്പിക്കും. രോഗം ബാധിച്ചാൽ 5 ഗ്രാം ബ്ലീച്ചിങ്ങ് പൗഡർ അല്ലെങ്കിൽ 3 ഗ്രാം ഓക്സിക്ലോറൈഡ് അല്ലെങ്കിൽ 2 ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചേർത്ത് തയ്യാറാക്കിയ ലായനി മണ്ണ് കുതിരത്തക്ക വണ്ണം, വാഴയ്ക്ക് ചുറ്റും ഒഴിക്കണം. രോഗം രൂക്ഷമായ വാഴകൾ വെട്ടിമാറ്റി നശിപ്പിക്കുകയും, ആ കുഴിയിൽ കുമ്മായം അല്ലെങ്കിൽ ബ്ലീച്ചിങ്ങ് പൗഡർ ഇടുകയും ചെയ്യുക. |
| മൃഗസംരക്ഷണം | - | കൊതുകു നിവാരണ മാർഗ്ഗങ്ങൾ സ്വീകരിക്കുക. കുളമ്പ് ചീയൽ, കുളമ്പിനുാകുന്ന ക്ഷതം എന്നിവ ഒഴിവാക്കാനായി വെള്ളക്കെട്ടുകളിൽ കന്നുകാലികളെ മേയ്ക്കാൻ വിടാതിരിക്കുക. തൊഴുത്തിൽ വെള്ളം കെട്ടി നിൽക്കുന്നത് ഒഴിവാക്കുക. പനിയുടെയും ശ്വാസത്തടസത്തിന്റെയും ലക്ഷണങ്ങൾ കാൽ ഉടൻ ഡോക്ടറുടെ സഹായം തേടുക. **Centre for Animal Adaptation to Evironment and Climate Change Studies, KVASU, Mannuthy.** |